## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) മംഗോളിയൻ പൗരന്മാർക്ക് സൗജന്യ ഇ-വിസ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മംഗോളിയൻ പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തി. വിവിധ ധാരണാപത്രങ്ങൾ കൈമാറി -.

   **Prime Minister Narendra Modi announces free e-visas for Mongolian citizens; meets with Mongolian President and signs various Memorandums of Understanding.**

2) ഭീകരവാദത്തിനെതിരെ ഇന്ത്യയ്ക്ക് വിട്ടുവീഴ്ചയില്ലാ നയമാണുള്ളതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **India has adopted a zero-tolerance policy against terrorism, says Union Home Minister Amit Shah.**

3) ആന്ധ്രാപ്രദേശിൽ ഗൂഗിൾ പ്രഖ്യാപിച്ച എഐ ഹബ്, ഇന്ത്യ എഐ മിഷൻറെ വളർച്ചയ്ക്ക് ഉത്തേജനമാകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Google's announced AI hub in Andhra Pradesh will boost the growth of the India AI Mission, says Union Minister Ashwini Vaishnaw.**

4) ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ നാമനിർദേശ പത്രിക സമർപ്പിച്ചു. ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി ബിജെപി..

   **Leaders from various political parties file nominations for the Bihar Assembly elections; BJP has released first list of candidates for upcoming assembly election.**

5) ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള അന്താരാഷ്ട്ര തപാൽ സേവനങ്ങൾ നാളെ മുതൽ പുനരാരംഭിക്കും.

   **International postal services from India to the United States to resume from tomorrow..**

6) **കേരളത്തിൽ പരക്കെ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 18 വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

**Widespread rainfall expected in Kerala; yellow alert issued today in districts from Thiruvananthapuram to Thrissur. Fishing ban along Kerala-Lakshadweep coasts from tomorrow until the 18th of this month.**

## MANGOLIA PREZ - INDIA (INTRO)

മംഗോളിയൻ പൗരന്മാർക്ക് സൗജന്യ ഇ-വിസ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മംഗോളിയയിൽ നിന്നുള്ള യുവ സാംസ്കാരിക അംബാസഡർ മാരുടെ ഇന്ത്യയിലേക്കുള്ള വാർഷിക സന്ദർശനം ഇന്ത്യ സ്പോൺസർ ചെയ്യുമെന്നും മംഗോളിയൻ പ്രസിഡന്റ് ഖുറെൽസുഖ് ഉഖ്നയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം ന്യൂഡൽഹിയിൽ സംയുക്ത വാർത്താസമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്.....)

ഇന്ത്യയുടെ 1.7 ബില്യൺ ഡോളർ വായ്പയിൽ നിർമ്മിക്കുന്ന എണ്ണ ശുദ്ധീകരണ പദ്ധതി മംഗോളിയയുടെ ഊർജ്ജ സുരക്ഷയ്ക്ക് ഉത്തേജനം നൽകുമെന്ന് ശ്രീ മോദി പറഞ്ഞു. എണ്ണ ശുദ്ധീകരണ പദ്ധതിയിലെ ഇന്ത്യയുടെ സമഗ്ര പിന്തുണയ്ക്ക് മംഗോളിയൻ പ്രസിഡന്റ് നന്ദി പറഞ്ഞു. ഇരുരാജ്യങ്ങളും വിവിധ ധാരണാപത്രങ്ങളും കൈമാറി. നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ന്യൂഡൽഹിയിലെത്തിയ മംഗോളിയൻ പ്രസിഡന്റ് ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവുമായും കൂടിക്കാഴ്ച നടത്തും.

## PM- GOOGLE AI

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ഗൂഗിൾ എഐ ഹബ്ബ് ആരംഭിച്ചതിൽ സന്തോഷം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും ആഗോള സാങ്കേതിക നേതൃനിരയിൽ ഇന്ത്യയുടെ സ്ഥാനം ഉറപ്പാക്കുന്നതിനും സംരംഭം

സഹായിക്കുമെന്ന് ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈയുടെ പോസ്റ്റിന് മറുപടിയായി പ്രധാനമന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## VAISHNAW GOOGLE AI

ആന്ധ്രാപ്രദേശിൽ ഗൂഗിൾ പ്രഖ്യാപിച്ച എഐ ഹബ്, ഇന്ത്യ എഐ മിഷൻറെ വളർച്ചയ്ക്ക് ഉത്തേജനമാകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. വിശാഖപട്ടണത്ത് നിർമിതബുദ്ധി ഹബ് സ്ഥാപിക്കുന്നതിനായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 15 ബില്യൺ ഡോളറിൻറെ നിക്ഷേപമാണ് ഗൂഗിൾ പ്രഖ്യാപിച്ചത്. അമേരിക്കയ്ക്ക് പുറത്തുള്ള ഗൂഗിളിൻറെ ഏറ്റവും വലിയ എഐ ഹബ്ബാണിത്. പുരോഗമനപരമായ നയരൂപീകരണത്തിൻറെ പ്രതിഫലനമാണ് പുതിയ സംരംഭമെന്ന് ചടങ്ങിൽ പങ്കെടുത്ത ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## OPENAI-CEO

നിർമിത ബുദ്ധിയെ ഭയത്തോടെ കാണുന്നതിന് പകരം പരീക്ഷണങ്ങൾക്ക് തയ്യാറാകാനും മാറുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും ആഹ്വാനം ചെയ്ത് ഓപ്പൺഎഐ സിഇഒ, സാം ആൾട്ട്മാനും ജി42 ഗ്രൂപ്പ് സിഇഒ പെങ് സിയാവോയും. മനുഷ്യൻ്റെ ചാതുര്യവും സാങ്കേതികവിദ്യയും ചേരുമ്പോൾ ഭീഷണിയെക്കാൾ കൂടുതൽ അവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് ഇരുവരും ദുബായിൽ നടക്കുന്ന GITEX Global പരിപാടിയിൽ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## BIHAR NOMINATION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ നാമനിർദേശ പത്രികകൾ സമർപ്പിച്ചു. ജെഡിയു നേതാവ് ബിജേന്ദ്ര

പ്രസാദ്, സിപിഐ (എം.എൽ) നേതാവ് ഖമറുദ്ദീൻ അൻസാരി തുടങ്ങിയവർ ഇന്ന് പത്രിക സമർപ്പിച്ചു. ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ് നാളെ പത്രിക നൽകും.

☸☸☸☸☸☸☸☸☸☸☸☸

## BJP - BIHAR FIRST LIST

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 71 സ്ഥാനാർത്ഥികളുടെ ആദ്യ ഘട്ട പട്ടിക ബിജെപി പുറത്തിറക്കി. ഉപമുഖ്യമന്ത്രിമാരായ സാമ്രാട്ട് ചൗധരി, വിജയ് സിൻഹ എന്നിവർ യഥാക്രമം താരാപൂർ, ലഖിസരായ് എന്നിവിടങ്ങളിൽ നിന്നും മത്സരിക്കും. ആരോഗ്യ മന്ത്രി മംഗൾ പാണ്ഡെ, സഹമന്ത്രിമാരായ നിതിൻ നബീൻ, രേണു ദേവി എന്നിവരും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. സിപിഐ (എം.എൽ) ലിബറേഷനും 18 സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി. അതേസമയം രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള വിവിപാറ്റുകളുടെ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## REV DAY ARMY-UNTCC CONCLAVE

നിയമസംവിധാനത്തിൽ അധിഷ്ഠിതമായ ലോകക്രമത്തിനായാണ് ഇന്ത്യ എക്കാലവും നിലകൊള്ളുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്. ചില രാജ്യങ്ങൾ അന്താരാഷ്ട്ര നിയമങ്ങൾ പരസ്യമായി ലംഘിക്കുന്ന സാഹചര്യത്തിലാണ്, കാലഹരണപ്പെട്ട അന്താരാഷ്ട്ര ഘടനകളുടെ നവീകരണം എന്ന ആവശ്യം ഇന്ത്യ മുന്നോട്ട് വയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഐക്യരാഷ്ട്ര സഭയ്ക്ക് സേനകളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളുടെ കോൺക്ലേവിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

☸☸☸☸☸☸☸☸☸☸☸☸

## J K-TERRORISTS KILLED

ജമ്മു കശ്മീരിലെ കുപ്വാര ജില്ലയിലെ നിയന്ത്രണ രേഖയിൽ സുരക്ഷാസേന യുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ഭീകരർ കൊല്ലപ്പെട്ടു. കുപ്വാര ജില്ലയിലെ മച്ചിൽ സെക്ടറിൽ  സായുധരായ ഭീകരർ ഉണ്ടെന്ന വിവരത്തിൻറെ അടിസ്ഥാനത്തിൽ സൈന്യവും ജമ്മു കശ്മീർ പോലീസും സംയുക്തമായി ഇന്നലെ നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. വലിയ തോതിലുള്ള ആയുധശേഖരവും കണ്ടെടുത്തു.

☸☸☸☸☸☸☸☸☸☸☸☸

## REV SHAH – NSG (INTRO)

ഭീകരവാദത്തിനെതിരെ ഇന്ത്യയ്ക്ക് വിട്ടുവീഴ്ചയില്ലാ നയമാണുള്ളതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. രാജ്യത്തെ ഭീകരവാദത്തിൽ നിന്നും മോചിപ്പി ക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു. നാഷണൽ സെക്യൂരിറ്റ് ഗാർഡിന്റെ 41 മത് സ്ഥാപക ദിനാഘോഷങ്ങളെ ഹരിയാനയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.....)

☸☸☸☸☸☸☸☸☸☸☸

## IMD-WEATHER

ആന്ധ്രാപ്രദേശ്, മാഹി, കർണാടകയുടെ ഉൾപ്രദേശങ്ങൾ, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിലും പരക്കെ മഴ യ്ക്കുള്ള സാധ്യത പ്രവചിച്ചുണ്ട്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ  ഈ മാസം 18 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി  മറ്റെന്നാൾ രാത്രി വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ  കടലാക്രമണത്തിന് സാധ്യതയുണ്ട്.

☸☸☸☸☸☸☸☸☸☸☸☸

## IND - US POSTAL SERVICE

ഇന്ത്യയിൽ നിന്നും അമേരിക്കയിലേക്കുള്ള അന്താരാഷ്ട്ര തപാൽ സേവനങ്ങൾ നാളെ മുതൽ പുനരാരംഭിക്കും. വേഗത്തിലുള്ള കസ്റ്റംസ് ക്ലിയറൻസ് ഉറപ്പാക്കി, അധിക തീരുവയോ കാലതാമസമോ ഇല്ലാതെ യുഎസിലെ വിലാസക്കാർക്ക് തപാലുകൾ എത്തിക്കുമെന്ന് കമ്മ്യൂണിക്കേഷൻസ് മന്ത്രാലയം അറിയിച്ചു. യുഎസ് ഭരണകൂടം പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവിനെത്തുടർന്നാണ് യുഎസിലേക്കുള്ള തപാൽ സേവനങ്ങൾ നിർത്തിവച്ചിരുന്നത്.

☸☸☸☸☸☸☸☸☸☸☸☸

## MADAGASCAR-ASSEMBLY DISSOLVED

ദ്വീപ് രാഷ്ട്രമായ മഡഗാസ്കറിൽ പാർലമെൻറിൻറെ അധോസഭ പിരിച്ചുവിട്ടതായി പ്രഖ്യാപിച്ച് പ്രസിഡൻറ് ആൻഡ്രി രജോലിന. യുവജന പ്രക്ഷോഭത്തെ തുടർന്ന് രജോലിന പലായനം ചെയ്തതായാണ് വിവരം. രാജ്യത്തെ ജല, വൈദ്യുതി ക്ഷാമം, അഴിമതി തുടങ്ങിയവ ചൂണ്ടിക്കാട്ടി സെപ്റ്റംബർ 25 ന് ആരംഭിച്ച പ്രതിഷേധങ്ങൾ ശക്തമായ പ്രക്ഷോഭമായി മാറുകയായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸

## JITHENDRA SINGH

തിരുവനന്തപുരത്തെ സിഎസ്ഐആർ-NIIST സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ കേന്ദ്രസഹ മന്ത്രി ജിതേന്ദ്ര സിംഗ് നാളെ മുഖ്യാതിഥിയാകും. ക്യാംപസിൽ നിർമ്മിച്ച സുവർണ ജൂബിലി ഇന്നൊവേഷൻ സെൻറർ, നോഡൽ-ഹബ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് ലബോറട്ടറി എന്നിവയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. NIIST ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ ചടങ്ങിന് അധ്യക്ഷത വഹിക്കും.

☸☸☸☸☸☸☸☸☸☸☸☸

## CM GULF VISIT

ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ യാത്ര തിരിക്കും. ബഹ്‌റിൻ, ഒമാൻ, ഖത്തർ, കുവൈത്ത്, UAE എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁

## GST

കേന്ദ്രസർക്കാർ നടപ്പാക്കിയ ജിഎസ്.ടി പരിഷ്കരണം മിസോറാമിലെ വിവിധ വ്യവസായങ്ങൾക്ക് ഏറെ ഗുണകരമാകുമെന്ന് വിലയിരുത്തൽ. മിസോറാമിലെ വിനോദ സഞ്ചാരം, കരകൗശല വിദഗ്ദ്ധർ, കർഷകർ തുടങ്ങിയവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. സംസ്കരിച്ച മിസോ മുളക്, മഞ്ഞൾ, ഇഞ്ചി, മുള ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ജി എസ് ടി അഞ്ച് ശതമാനം ആക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁

## SENSEX + GOLD

സ്വർണ വിലയിൽ റെക്കോഡ് വർധന. ഇന്ന് സ്വർണ്ണവിലയിൽ മൂന്ന് തവണയാണ് ഏറ്റകുറച്ചിലുണ്ടായത്. പവന് 960 രൂപ കൂടി 94,120 രൂപയും ഗ്രാമിന് 11,765 രൂപയുമാണ് ഇന്നത്തെ വില. രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. സെൻസെക്സ് 297 പോയിന്റ് നഷ്ടത്തിൽ 82,029 ലും, നിഫ്റ്റി 82 പോയിന്റ് ഇടിഞ്ഞ് 25,145ലും വ്യാപാരം അവസാനിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## DIRECT TAX

നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള പ്രത്യക്ഷ നികുതി പിരിവിൽ ആറ് ശതമാനത്തിലധികം വളർച്ച രേഖപ്പെടുത്തി. 11.89 ലക്ഷം കോടി

രൂപയാണ് ഇതുവരെയുള്ള ആകെ പ്രത്യക്ഷ നികുതി പിരിവ്. ഏപ്രിൽ 1 മുതൽ ഒക്ടോബർ 12 വരെയുള്ള ആകെ കോർപ്പറേറ്റ് നികുതി പിരിവ് കഴിഞ്ഞ വർഷത്തേക്കാൾ 2 ശതമാനത്തിലധികം വർധിച്ച് ഏകദേശം 5.02 ലക്ഷം കോടി രൂപയായെന്നും ആദായനികുതി വകുപ്പ് അറിയിച്ചു.

## WPI-SEPTEMBER DATA

ഇന്ത്യയുടെ മൊത്തവില സൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം സെപ്റ്റംബറിൽ 0.13 ശതമാനമായി കുറഞ്ഞതായി റിപ്പോർട്ട്. വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഓഗസ്റ്റിൽ ഇത് 0.52 ശതമാനമായിരുന്നു. ഭക്ഷ്യ ഉൽപന്നങ്ങൾ, ഗതാഗത ഉപകരണങ്ങൾ, തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണ വിലയിലുണ്ടായ വർദ്ധനവാണ് പണപ്പെരുപ്പ നിരക്കിൽ പ്രതിഫലിച്ചത്.

आकाशवाणी